# ശ്രീ ശങ്കരാചാര്യസ്വാമികളുടെ ദൗത്യം

സ്വാമി നന്ദാത്മജാനന്ദ (പത്രാധിപർ പ്രബുദ്ധകേരളം,
ശ്രീരാമകൃഷ്ണമഠം തൃശ്ശൂർ)

പ്രത്യക്ഷങ്ങളായിതോന്നുന്ന ഭ്രമാത്മകതയിൽ അഭിരമിക്കുന്ന കാലത്തോളം ശാന്തിയുടേയും സമാധാനത്തിന്റേയും ചക്രവാളം അന്യമായിരിക്കുമെന്ന മുഖ്യസന്ദേശം നല്കി മാനവരാശിക്ക് പ്രകാശത്തിലേക്കുള്ള പാതയൊരുക്കുന്നുവെന്നതാണ് സനാതനധർമ്മത്തെ ഏറ്റവും ആകർഷണീയമാക്കുന്ന ഘടകം. വേദങ്ങളെ അടിസ്ഥാനപ്രമാണമാക്കുന്ന ഈ സനാതനസംസ്കാരം അതിനുള്ള വഴിയായി കാണിച്ചുതരുന്നത് രാഗദ്വേഷാദികളകറ്റിക്കൊണ്ടുള്ള ആത്മജ്ഞാനത്തിലധിഷ്ഠിതമായ ജീവിതത്തെയാണ്. സനാതനധർമ്മത്തിന്റെ സാരാംശം നമുക്ക് കാണാൻ കഴിയുന്നത് ഉപനിഷത്തുക്കളും ഗീതയും വേദാന്തസൂത്രങ്ങളുമടങ്ങിയ 'പ്രസ്ഥാനത്രയ'ത്തിലാകുന്നു. വേദാന്തമതമെന്നറിയപ്പെടുന്ന ഈ സന്ദേശസാരത്തിന്റെ മുഖ്യസ്വരം ഉപനിഷത്തുക്കളാണ്. ഉപനിഷത്മതമെന്നു വിശേഷിപ്പിക്കാവുന്ന ഈ വേദാന്തമതത്തിലാണ് ചിന്തകളെല്ലാമൊടുങ്ങുന്ന ശ്രേഷ്ഠമായ തലത്തെ ലോകം തിരിച്ചറിഞ്ഞിട്ടുള്ളത്. ആധുനിക ശാസ്ത്രത്തിനുപോലും മനസ്സിലാകുന്ന വിധത്തിൽ യുക്തിയുടെ ഉറപ്പോടുകൂടിയതും അനുഭവത്തിന്റെ കൈയൊപ്പുമുള്ള ഈ വേദാന്തം 'ശാസ്ത്രത്തിന്റെ മതമെന്നും മതങ്ങളുടെയെല്ലാം ശാസ്ത്ര'മെന്നും ചിന്തകന്മാരാൽ വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നു. സ്വാമി വിവേകാനന്ദൻ നമ്മെ ഓർമ്മപ്പെടുത്തിയിരിക്കുന്നത് വേദാന്തം ലോകരക്ഷയ്ക്കുതന്നെ അനിവാര്യമായ ഏറ്റവും പ്രധാന കാര്യമാണെന്നാണ്. ഈ ഉപനിഷത് സന്ദേശങ്ങളെ സ്വാംശീകരിച്ചെടുത്തില്ലെങ്കിൽ യൂറോപ്യൻ ജനത തകരാനിടവരുമെന്നുകൂടി സ്വാമിജി പാശ്ചാത്യരെ ഓർമ്മിപ്പിക്കുന്നുണ്ട്. ബുദ്ധമതത്തിന്റെ അധഃപതനകാലത്ത് അമൂല്യമായ ഈ വേദാന്തസംസ്കാരം ഒരു വലിയ തക ർച്ചയെ അഭിമുഖീകരിക്കുകയുണ്ടായി. ആ സമയത്ത് ശങ്കരാചാര്യസ്വാമികളാണ് ഉപനിഷത് കേന്ദ്രീകൃതമായ സനാതനാദർശത്തെ വീണ്ടും ലോകജനതയ്ക്കു മുമ്പാകെ പുനഃപ്രവചനം ചെയ്തവതരിപ്പിച്ചത്.

മനുഷ്യജീവിതത്തിൽ ശാന്തി അഥവാ ദുഃഖനിവൃത്തി ആത്മജ്ഞാനംകൊണ്ടുമാത്രമേ ഉണ്ടാവുകയുള്ളൂവെന്നാണ് ഉപനിഷത്തിന്റെ അഭിപ്രായം. മോക്ഷമെന്നറിയപ്പെടുന്ന ഈ ശാന്ത്യവസ്ഥയും ശ്രീബുദ്ധൻ പറഞ്ഞുതരുന്ന നിർവ്വാണവും ഒക്കെ ആഴത്തിൽ നോക്കിയാൽ ഒന്നുതന്നെയെന്നു മനസ്സിലാക്കാവുന്നതാണ്. പുനർജന്മം, പ്രാപഞ്ചസ്ഥിതിക്കാധാരമായ 'അവിദ്യ, കാമം, കർമ്മം' എന്നിവയുടെ വിശദീകരണം എന്നിങ്ങനെയുള്ള ഉൾക്കാഴ്ചയോടുകൂടിയ പഠനം നമ്മെ നയിക്കുക ബുദ്ധന്റേയും സന്ദേശസാരം ഉപനിഷത്മതംതന്നെയാകുന്നു എന്നാണ്. 'ഗീതഗോവിന്ദ'ത്തിന്റെ കർത്താവായ ജയദേവൻ ശ്രീബുദ്ധനെ ശ്രീകൃഷ്ണന്റെ തന്നെ അവതാരമാക്കി ഹിന്ദുബൗദ്ധധർമ്മങ്ങളെ സമന്വയിപ്പിക്കുന്നതും ബുദ്ധമതാനുയായിയായ അമരകോശകർത്താവ് ശ്രീബുദ്ധന്റെ പര്യായമായി 'അദ്വൈതവാദി' എന്നു ചേർത്തിട്ടുള്ളതുമൊക്കെ മനസ്സിലാക്കേ ണ്ടത് ഈ തലത്തിൽ നിന്നുകൊണ്ടാണ്. അത്തരത്തിലുള്ള ഉപനിഷത്ത്സന്ദേശങ്ങളുടെ മകുടമണിയായി വിശേഷിപ്പിക്കാവുന്ന അദ്വൈതം അനുഭവത്തിന്റെ ആധികാരികതയോടുകൂടി വിശദീകരിക്കപ്പെടുന്നത് ശങ്കരാചാര്യസ്വാമികളുടെ കാലത്താണ്.

**ശാങ്കരദർശനത്തിന്റെ പ്രത്യേകതകൾ**

ബ്രഹ്മം മാത്രമാണ് ഉണ്മയായിട്ടുള്ളതെന്നുള്ള അദ്വൈതസിദ്ധാന്തപ്രകാരം ജീവന്മാർ വാസ്തവത്തിൽ ഉണ്മയെവിട്ട് പ്രത്യേകസത്തയുള്ളവരല്ല. അപ്പോൾ ഈ കാണപ്പെടുന്ന ജഗത്തോ? അത് അവിദ്യ മുഖാന്തിരം തോന്നുന്നതാണ്. ബ്രഹ്മത്തിൽനിന്നും വേറിട്ടൊരു അസ്തിത്വമില്ലെന്നുവരുമ്പോൾ ഉപാധി എന്നൊന്ന് എങ്ങനെയുണ്ടായി? എന്നതൊരു ചോദ്യമാണ്. ഇവിടെ ശങ്കരാചാര്യർ പറയുന്നത് ഉപാധി അവിദ്യാ പ്രത്യുപസ്ഥിതമെന്നാണ് (അവിദ്യയിൽ ഉൽപന്നമാണെന്ന്). ചിത്തശുദ്ധിയിലൂടെ അവിദ്യയ്ക്കു നാശം വരാത്തിടത്തോളം കാലം മനോബുദ്ധ്യാദികളോടുകൂടിയിരിക്കുന്ന ജീവന് അസ്തിത്വമുണ്ടായിരിക്കും. ജീവന് ജ്ഞാനലാഭമുണ്ടാകുമ്പോൾ നാമരൂപാത്മകജഗത്തിന്റെ പ്രതീതി നശിക്കുകയും ശുദ്ധമായ ബ്രഹ്മം സാക്ഷാത്കരിക്കപ്പെടുകയും ചെയ്യും. താനെന്ന ഭേദം തോന്നിപ്പിക്കുന്ന ഈ അവിദ്യയെ അദ്വൈതാനുഭൂതികൊണ്ട് നശിപ്പിക്കുമ്പോൾ ഓരോ ജീവനും തന്റെ ഉണ്മയെന്തെന്ന്, സ്വഭാവമെന്തെന്ന് അറിയാൻ കഴിയുന്നു. താൻ ബ്രഹ്മം തന്നെയാണ് എന്നുള്ള ഈ തിരിച്ചറിവിനെ കേന്ദ്രീകൃതമാക്കിയുള്ളതാണ് അദ്വൈതദർശനം. ജീവന്റെ ഉണ്മയായ ഈ ബ്രഹ്മത്തെ ഇപ്പോൾ ഇവിടെ ജീവിച്ചുതന്നെ അനുഭവിക്കാവുന്നതാണ്. അതിനായില്ലെങ്കിൽ ഉണ്ടാകുന്നത് വലിയ നഷ്ടം തന്നെയായിരിക്കും (ന ചേദിഹാവേദീന്മഹതീ വിനഷ്ടി) എന്നുംകൂടി ഉപനിഷത് നമ്മെ ഓർമ്മിപ്പിക്കുന്നു. ഇവിടെയുള്ളത് ബ്രഹ്മം മാത്രമാണ്; ലോകത്തിന്റെ ഉപാദാനകാരണം മാത്രമല്ല നിമിത്തകാരണവും അതുതന്നെ. ജീവനും യഥാർത്ഥത്തിൽ ബ്രഹ്മംതന്നെയാകുന്നു, 'ജീവോ ബ്രഹ്മൈവ നാപര' ബ്രഹ്മത്തിൽ നിന്നന്യമായി എന്തെങ്കിലുമുണ്ടെന്നുവന്നാൽ ബ്രഹ്മം അനന്തമല്ലെന്നു വരും, അനന്തമല്ലാത്തതു സാവയവം, സാവയവം വിഭാജ്യം, നശ്വരം. അതുകൊണ്ട് പരമസത്യമായ ബ്രഹ്മം തന്നെയാണ് ഈ നാമെന്നുള്ള സത്യം മനസ്സിലാക്കുന്നതിനുള്ള വഴി മനസ്സിനെ ശുദ്ധമാക്കുകയെ

ന്നുള്ളതാണ്. അതിനുവേണ്ടിയാണ് നിഷ്കാമകർമ്മമനുഷ്ഠിക്കേണ്ടത്. അതായത് ചെയ്യുന്ന കർമ്മങ്ങൾ ഉപാസനയായിത്തീരണമെന്നർത്ഥം.

ശങ്കരാചാര്യരുടെ അഭിപ്രായത്തിൽ ഇത്തരം കർമ്മത്തിൽനിന്ന് വിടുതൽകിട്ടുക, ജ്ഞാനത്തിന്റെ ഉത്തുംഗശ്രൃംഗത്തിൽ ഒരു ജീവൻ പ്രതിഷ്ഠിക്കപ്പെടുമ്പോൾ മാത്രമാണ്. ആത്മാവ് ഒന്ന് എന്ന ബുദ്ധിയുള്ളവന്, അദ്വൈതസാക്ഷാത്ക്കാരം നേടിയവന് രാഗദ്വേഷാദികൾ ഉണ്ടാവുകയില്ല. എല്ലാം താൻതന്നെയെന്നു പഠിപ്പിക്കുന്നതിനാൽ ലോകത്തുകാണുന്ന യുദ്ധങ്ങൾക്കും വെറുപ്പിനുമൊക്കെയുള്ള മറുമരുന്നാണ് ഈ വൈദികദർശനം. രണ്ട് എന്നുള്ളപ്പോഴാണ് കലഹമുണ്ടാകുന്നത്. ദ്വൈതമാണ് കലഹത്തിന്റെ മൂലം, അദ്വൈതത്തിൽ കലഹമെന്നുള്ളത് ഉണ്ടാവില്ലെന്നർത്ഥം. ഈ ശ്രേഷ്ഠദർശനത്തെ ജാതിവ്യത്യാസത്തിനും മതകലഹത്തിനും രാഷ്ട്രങ്ങൾ തമ്മിലുള്ള കിടമത്സരങ്ങൾക്കും യുദ്ധങ്ങൾക്കമൊക്കെയുള്ള പ്രതിവിധിയായി മാനവജനത മനസ്സിലാക്കിയിരിക്കുന്നു. ഈ ദർശനം ത്യാഗത്തിലാണ് സുഖമെന്ന് പഠിപ്പിച്ചുകൊണ്ട് വ്യക്തികളുടേയും സംഘങ്ങളുടേയും അശാന്തിയെ ഇല്ലാതാക്കി നിത്യാനന്ദപ്രാപ്തിക്കുള്ള വഴി തുറന്നുതരുകയും ചെയ്യുന്നു. അനാത്മവാദത്തിനോ, നിരീശ്വരവാദത്തിനോ ഒന്നും ഇവിടെ സ്ഥാനമില്ല. എന്തുകൊണ്ടെന്നാൽ അദ്വൈതദർശനപ്രകാരമുള്ള ഈശ്വരൻ നമ്മുടെ ഉള്ളിലാണിരിക്കുന്നത്. ആ ഈശ്വരനെ ഇപ്പോൾത്തന്നെ ഒരുവന് അനുഭവപ്പെടുത്താനുമാവും. ഈ ലോകത്തിനു പുറത്തിരിക്കുന്ന ഒരു ഈശ്വരനിൽ മാത്രമേ നിരീശ്വരവാദം ഫലിക്കൂ. ഇവിടെ ശങ്കരാചാര്യർ നിരീശ്വരവിശ്വാസികളോടു പറയുന്നത് 'നീയാര് എന്നന്വേഷിക്കൂ' എന്നാണ്. 'നീ നിന്നെ അറിയുക, അപ്പോൾ നിനക്ക്ഈശ്വരനെ അറിയാൻ കഴിയുമെന്ന്' പറയുന്ന ശ്രീരാമകൃഷ്ണനും ഇക്കാര്യത്തെത്തന്നെ വിശദീകരിക്കുന്നുണ്ട്. അപ്പോൾ ആത്മാവില്ല എന്നുപറയുന്നത് തന്നെത്തന്നെ നിഷേധിക്കുന്നതിനോട് തുല്ല്യമാകും. അതു കൊണ്ടുതന്നെ അനുഭവാധിഷ്ഠിതവും പ്രായോഗികവുമായ ആചാര്യസിദ്ധാന്തത്തിനു മുമ്പിൽ കുയുക്തിവാദികൾക്കു പിടിച്ചുനിൽക്കാൻ കഴിയാതെവരുന്നു. നിരീശ്വരവാദികൾക്കും ശാസ്ത്രകുതുകികൾക്കും ഒക്കെമുമ്പിൽ നിവർന്നുനിൽക്കാൻ ഈ ദർശനത്തിനേ കഴിയുന്നുള്ളൂ എന്നു സാരം.

സർവ്വരിലും ഒരേ ആത്മാവുതന്നെ സ്ഥിതിചെയ്യുന്നുവെന്ന് കാണുന്നതിനാൽ മറ്റുള്ളവരുടെ നന്മ തന്റെ സ്വന്തംകാര്യംപോലെ ഉറപ്പിക്കുന്നതിനുള്ള ശ്രദ്ധയും താൽപര്യവും അദ്വൈതം ജനിപ്പിക്കുന്നു. ഈ അദ്വൈതസങ്കൽപമാകുന്നു നൈമിഷികവും ധാർമ്മികവും സന്മാർഗ്ഗികവുമായ ജീവിതത്തിന് ഏറ്റവും പ്രേരകവും സ്വാഭാവികവുമായ അടിസ്ഥാനം. ഈ എകത്വജ്ഞാനത്തിലേക്കുള്ള (ആത്മദർശനം) ഉപായം ശമം, ദമം മുതലായവയാൽ സംസ്കരിക്കപ്പെട്ട മനസ്സാകുന്നു(ശമദമാദിസംസ്കൃതം മന ആത്മദർശനേ കരണം). പരമാനന്ദത്തിന് ആവശ്യമായ ഈ മനോമലത്യാഗമാകുന്നു അദ്വൈതത്തിലേക്കുള്ള സോപാനം. മനസ്സിന്റെ മലങ്ങളാകുന്നു മനസ്സിന്റെ ചാരിത്ര്യശുദ്ധിയെ നശിപ്പിക്കുന്നത്. ശങ്കരദർശനം ചാരിത്ര്യശുദ്ധിക്ക് ഇത്രയേറെ പ്രാധാന്യം കൊടുക്കുന്നതിനുള്ള കാരണവും ഇതുതന്നെ. ചിത്തശുദ്ധിയില്ലാതെ മോക്ഷമില്ലെന്നാണ് ആചാര്യമതം. രാവണാദികൾപോലും ജപവും പൂജയും അഗ്നിഹോത്രവും അനുഷ്ഠിച്ചിരുന്നുവെങ്കിലും അവരെ രാക്ഷസരായി കണക്കാക്കാൻ കാരണം അവർക്ക് (ഗീതയിലും മറ്റും പറയുന്ന) 'ദൈവീസമ്പത്ത്' ഇല്ലാത്തതുകൊണ്ടാണ്(ബ്രഹ്മചര്യം, അഹിംസ,സത്യം അസ്തേയാദികൾ). 'മതം അനുഭൂതിയാണ്, ചാരിത്രശുദ്ധിയാണ് അനുഭൂതിയുടെ മാനദണ്ഡം' എന്ന വിവേകാനന്ദവാണികൾ ഈ ദർശനത്തിന്റെ വിശദീകരണമായി കാണാവുന്നതാണ്. മനസ്സിനെ ശുദ്ധമാക്കാനുള്ള ഏറ്റവും പറ്റിയമാർഗ്ഗം ഭക്തിയത്രെ. ഈ ഭക്തിയുണ്ടാവാനായി ചെയ്യേണ്ടകാര്യം ഈശ്വരാർപ്പണബുദ്ധിയോടുകൂടി സ്വധർമ്മമനുഷ്ഠിക്കുകയാണ്.(സ്വകർമ്മണാ തമഭ്യർച്ച്യ സിദ്ധിം വിന്ദതി മാനവഃ, സ്വേ സ്വേ കർമ്മണ്യഭിരതഃ സംസിദ്ധിം ലഭതേ നരഃ). അത്തരത്തിൽ ശുദ്ധത വന്ന ജീവനു മാത്രമേ ശ്രവണവും മനനവും നിദിദ്ധ്യാസനവും കൊണ്ട് അനുഭൂതിയുണ്ടാകൂ. പരിശുദ്ധനുമാത്രമേ അനുഭൂതിയുണ്ടാവൂ എന്നായി പറയുന്നതും ഇതേ കാര്യമാണ്.

പരമമായ ലക്ഷ്യപ്രാപ്തിയ്ക്ക് സർവ്വസംഗപരിത്യാഗിയായ സന്ന്യാസിമാത്രമേ ആധികാരിയായുള്ളൂ എന്ന ബുദ്ധന്റെ സിദ്ധാന്തംതന്നെ ശങ്കരനും, സന്ന്യാസിക്കേ നേരിട്ടുള്ള ബ്രഹ്മജ്ഞാനം കൈവരുന്നുള്ളൂവെന്ന രീതിയിൽ വിശദീകരിക്കുന്നുണ്ട്. ഗൃഹസ്ഥനും കർമ്മിക്കും നിഷ്കാമകർമ്മാനുഷ്ഠാനംകൊണ്ട് പരമ്പരയാ മോക്ഷപ്രാപ്തിയുണ്ടാകാം എന്നല്ലാതെ സന്ന്യാസിമാർക്കുണ്ടാകുന്ന നേരിട്ടുള്ള ബ്രഹ്മജ്ഞാനം കിട്ടില്ല. മാത്രമല്ല ഗുർവ്വനുഗ്രഹത്തിനും സാമ്പ്രദായികയ്ക്കും ശങ്കരാചാര്യർ വളരെയേറെ പ്രാധാന്യം നൽകുന്നതായി കാണുന്നുണ്ട്. സമ്പ്രദായമില്ലാത്തവർ ഉപേക്ഷിക്കപ്പെടേണ്ടതാണെന്നാണ് ശാങ്കരമതം, "അസമ്പ്രദായവാൻ സർവ്വശാസ്ത്രവിദപി മൂർഖവദുപേക്ഷണീയഃ". അനാദികാലം മുതൽ ഭാരതത്തിൽ നിലനിന്നിരുന്നതും ഉപനിഷത്തുക്കളാൽ രേഖപ്പെടുത്തപ്പെട്ടതും, കൃഷ്ണനായി അവതരിച്ച് ലളിതവാക്യങ്ങൾ വഴി സംഗ്രഹിച്ച് അർജ്ജുനനെ നിമിത്തമാക്കിക്കൊണ്ട് ഗീതയായി ലോകത്തിന് കിട്ടിയതും, വ്യാസൻ അതിന്റെ യുക്തികളെ വ്യക്തമാക്കിയതുമായ വൈദികധർമ്മത്തെത്തന്നെ ഭാഷ്യങ്ങളും പ്രകരണഗ്രന്ഥങ്ങളുംവഴി കുറെക്കൂടി സംഗ്രഹവും സുരക്ഷിതവുമാക്കുക മാത്രമാണ് ആചാര്യസ്വാമികൾ ചെയ്തത്. ആ മതത്തെ ഇങ്ങനെ സംഗ്രഹിക്കാം.

'പരം സദ് ബ്രഹ്മൈവാസദിദമഖിലം ജീവനിലയം

ജഗത് സ്വീയാf വിദ്യാവിലസിതമിദം ചാനുഭവതി
വിനഷ്ടായാം യസ്യാം സ്വപരവിഷയാദ്വൈതകലയാ
സ്വകീയാമാപ്നോതി പ്രകൃതിമിതി ചാദ്വൈതപദവീ'

ആചാര്യസ്വാമികളുടെ മതപ്രകാരം പരമാർത്ഥസത്യം ഈശ്വരൻ മാത്രമാണ്. ജീവനും ജഗത്തും ഈശ്വരങ്കൽനിന്നു ഭിന്നമല്ല. ജീവന്റെ ജീവത്വവും ജഗത്തിന്റെ ജഗത്വവും മിഥ്യയാണ്. ബ്രഹ്മം തന്നെയാണ് ജീവനായും ജഗത്തായും പ്രതിഭാസിക്കുന്നത്.

വേദാന്തസിദ്ധാന്തനിരുക്തിരേഷാ
ബ്രഹ്മൈവ ജീവഃ സകലം ജഗച്ച

ജീവനും ജഗത്തും ബ്രഹ്മമല്ലാതെ വേറൊന്നായി തോന്നുന്നത് അജ്ഞാനം നിമിത്തമാണ്. എപ്പോൾ അഭ്യാസം നിമിത്തം അജ്ഞാനം നശിക്കുന്നുവോ അപ്പോൾ ഇതു പ്രത്യക്ഷമായി അനുഭവിക്കാൻ കഴിയും. ജീവന്റെ സസ്വരൂപപ്രതിഷ്ഠ അഥവാ സസ്വരൂപജ്ഞാനം തന്നെ മോക്ഷം. ഇതാണ് ശാങ്കരമതം.

ഈ ദർശനം ജാതി, മതവർഗ്ഗവ്യത്യാസങ്ങൾക്കു സ്ഥാനമില്ലാത്തതും അന്ധവിശ്വാസത്തെ നിർമ്മാർജ്ജനം ചെയ്യുന്നതും സന്മാർഗ്ഗനിഷ്ഠയിൽ അടിസ്ഥാനമുറച്ചതും ഓരോരുത്തരേയും സ്വധർമ്മം ചെയ്യാനുപദേശിക്കുന്നതും പുരോഹിതതന്ത്രങ്ങക്കു യാതൊരു സ്ഥാനമില്ലാത്തതുമത്രെ. അത് എല്ലാ ജീവന്മാരും ഈശ്വരനാകുന്ന അഗ്നിയുടെ സ്ഫുലിംഗങ്ങളാണെന്നും അതിനാൽ സമന്മാരാണെന്നും പഠിപ്പിക്കുന്ന സാഹോദര്യത്തിന്റെ ദർശനമാകുന്നു. അത്മസ്വരൂപത്തിനുമാത്രം പ്രാധാന്യം നല്കുമ്പോൾ മതം, ജാതി എന്നീ രീതിയിലുള്ള വിഭജനങ്ങൾ അപ്രസക്തമായിത്തീരുമല്ലോ? 'സർവ്വഭൂതഹിതേരതാഃ' എന്നു കാണുന്ന തലത്തിലേക്കുള്ള ഉയർച്ചയാണിത്. വാസ്തവത്തിൽ ആചാര്യസ്വാമികൾ ജ്ഞാനിയും, ഭക്തനും, യോഗിയും, കർമ്മിയും എല്ലാം ഒന്നിച്ചുചേർന്ന ഒരു മഹാത്മാവായിരുന്നു. സേശ്വരം, നിരീശ്വരം എന്നീ രീതിയിൽ ലോകത്തുള്ള മതങ്ങൾ രണ്ടുതരമാണ്. അതിൽത്തന്നെ സേശ്വരമതങ്ങൾ സാകാരരീതി പിന്തുടരുന്നവ ഒരേയൊരു അവതാരപുരുഷനെ അംഗീകരിക്കുക നിമിത്തം പലപ്പോഴും സങ്കുചിതമായിത്തീരുന്നു. എന്നാൽ സേശ്വരമതങ്ങളിലെ വേദാന്തമതം നാനാരീതിയിലുള്ള അവതാരങ്ങൾക്കു സ്ഥാനം നൽകുക വഴി നിലവിലുള്ളവയ്ക്കും ഭാവിയിൽ വരാനിരിക്കുന്ന മഹാത്മക്കളെക്കൂടി ഉൾക്കൊള്ളാൻ പര്യാപ്തമായ തലത്തിലേയ്ക്കുള്ള വിശാലതയിലേക്കുയരുന്നു.

അദ്വൈതമതത്തിന്റെ അടിസ്ഥാനമായി ശങ്കരാചാര്യർ പറയുന്നത് അനുഭവത്തെയാണല്ലോ. 'അനുഭവാവസാനത്വാത്ഭൂതവസ്തുവിഷയത്വാച്ച ബ്രഹ്മ ജ്ഞാനസ്യ' എന്നദ്ദേഹം ബ്രഹ്മസൂത്രഭാഷ്യത്തിൽ പറയുന്നു. ശ്രുതിയെപ്പോലും പ്രത്യക്ഷജ്ഞാനത്തിനു വിരുദ്ധമാണെങ്കിൽ തള്ളിക്കളയാനാണ് അദ്ദേഹം പഠിപ്പിച്ചത് 'നൂറുവേദം ഒന്നിച്ചുനിന്ന തീയ്ക്ക് തണുപ്പാണ്' എന്നു പറഞ്ഞാൽ പ്രമാണമാകില്ല എന്നു പറഞ്ഞ് വേദത്തോട് വെല്ലുവിളി നടത്തുന്ന അദ്ദേഹം ഒന്നാം സ്ഥാനം നല്കുന്നത് അനുഭവത്തിനു തന്നെയാണ്; രണ്ടാം സ്ഥാനം ശ്രുതിയ്ക്കും, മൂന്നാം സ്ഥാനം യുക്തിയ്ക്കും. ശ്രുതിയെന്നാൽ അനുഭവസ്ഥരുടെ (ആപ്തന്മാരുടെ) വാക്യമായതുകൊണ്ട് രണ്ടാം സ്ഥാനത്തു നില്ക്കുന്നു. യുക്തിയ്ക്ക് സ്ഥിരതയില്ലാത്തതുകൊണ്ടാണ് ശ്രുതിയ്ക്ക് യുക്തിയേക്കാൾ കൂടുതൽ പ്രാമാണ്യം കല്പ്പിച്ചിട്ടുള്ളത് (ന തു പ്രത്യക്ഷവിഷയേ ശ്രുതേ പ്രാമാണ്യം). യുക്തിവാദികളുടെ രാജാവായിട്ടാണ് മഹാത്മജി ശങ്കരാചാര്യരെ വിശേഷിപ്പിക്കുന്നത്. പ്രത്യക്ഷാനുഭവമായ ഈ അദ്വൈതസാരം മനസ്സിലാക്കാനുള്ള വഴി സാധനയനുഷ്ഠിക്കുക എന്നതുമാത്രമാണ്. ഒന്നുമേ കണ്ണുംപൂട്ടി വിശ്വസിക്കുവാൻ അവിടുന്നു നിർബന്ധിക്കുന്നില്ല. 'ശ്രോതവ്യോമന്തവ്യോ നിദിദ്ധ്യാസിതവ്യോ' എന്നത്രെ ആചാര്യസിദ്ധാന്തം. അതായത് ഗുരുവിൽനിന്നും മഹാവാക്യം ശ്രവിച്ച ശിഷ്യൻ നിരന്തരാഭ്യാസം അനുഭൂതിപര്യന്തം ചെയ്യണമെന്ന് അവിടുന്നു നിർബന്ധിക്കുന്നു. ആചാര്യന് മതം വെറും വാക്കുകളുടെ കൂട്ടമല്ല. നിരന്തരാഭ്യാസഫലമായുണ്ടാകുന്ന അനുഭൂതിയാണ്. അതിപ്പോൾ ഇവിടെ വച്ചുതന്നെ അനുഭവിക്കാവുന്നതാണ്(അത്ര ബ്രഹ്മ സമശ്നുതേ) ശങ്കരൻ ഭക്തിയോ കർമ്മത്തേയോ യോഗത്തേയോ ഒന്നുംതന്നെ നിഷേധിക്കുന്നില്ല. മറിച്ച് അദ്ദേഹത്തിന്റെ മതത്തിൽ എല്ലാറ്റിനും സ്ഥാനമുണ്ട്. എന്നാൽ പ്രത്യക്ഷാനുഭൂതിയും. നിരാകാരനയ ഈശ്വരനെ നിഷ്കാമമായി ഏതുരൂപത്തിൽ ഉപാസിച്ചാലും ചിത്തശുദ്ധിനേടാമെന്ന് പറയുന്ന അദ്ദേഹം ശാക്തനും, ശൈവനും, വൈഷ്ണവനും ഒക്കെയാണ്. മാത്രമല്ല ശങ്കരാചാര്യരുടെ സൂഷ്മതയ്ക്കുമുമ്പിൽ കിടപിടിയ്ക്കാൻ ലോകത്തിലെ മറ്റൊരു സിദ്ധാന്തത്തിനും കഴിയുകയില്ലെന്ന് ബ്രഹ്മസൂത്രഭാഷ്യം ഇംഗ്ലീഷിലേക്ക് ആദ്യമായി തർജ്ജമചെയ്ത ഡോ: തീബോയുടെ വിലയിരുത്തലും ഇവിടെ ശ്രദ്ധേയമാണ്.

അവിടുത്തെ ദർശനത്തിന്റെ ഗംഭീരമായ പ്രായോഗികതയാണ് മറ്റൊരു പ്രത്യേകത. സർവ്വശാസ്ത്രങ്ങളുടേയും സാരമായ പ്രസ്ഥാനത്രയത്തിന് സ്വാനുഭൂതിയെ അടിസ്ഥാനമാക്കി ഭാഷ്യമെഴുതിയ അദ്ദേഹം അവയിലെ ഉപദേശങ്ങളെ ആശ്രയിച്ച് മദ്ധ്യമന്ദാധികാരികൾക്കായി സ്വതന്ത്രകൃതികളും എഴുതിവെച്ചു. മനസ്സ് വിരക്തമാകണമെങ്കിൽ അതു ശുദ്ധമാക്കണം, അതിനുവേണ്ടത് നിഷ്കാമകർമ്മവും. അതിനാൽ സാധാരണ മനുഷ്യന് ആവശ്യം വിരക്തിപര്യന്തമുള്ള കർമ്മമത്രെ. ഒരാളുടേയും വിശ്വാസത്തെ ഹനിക്കാതെയും സാധാരണക്കാരുടെ ബുദ്ധിയെ ഒട്ടുമേ ഭ്രമിപ്പിക്കാതെയുമാണ് ശങ്കരാചാര്യർ തന്റെ ദൗത്യം പൂർത്തീകരിച്ചത്.

'താനകൃത്സ്നവിദോ മന്ദാൻ കൃസ്നവിന്ന വിചാലയേത്' എന്ന ഗീതാവചനത്തിലെ പ്രായോഗികതയെ അവിടുത്തെ ദൗത്യത്തിൽ ഉടനീളം കാണാൻ കഴിയും. ദേവതകളിലുള്ള വിശ്വാസവും ഭക്തിയും ചിത്തശുദ്ധിക്കായി പ്രയോജനപ്പെടണമെന്നും എന്നാൽ പരമാർത്ഥസത്തും നമ്മുടെ സ്വരൂപവുമായ ബ്രഹ്മത്തെ അറിഞ്ഞില്ലെങ്കിൽ മോക്ഷം കിട്ടില്ലെന്നുമാണ് അർത്ഥശങ്കക്കിടയില്ലാത്തവിധം അവിടുന്ന് ഉദ്ബോധിപ്പിച്ചത്. അന്തഃസന്ന്യാസിയായ ഗൃഹസ്ഥന്റെ  നിലയും ആചാര്യസ്വാമികൾ സമ്മതിച്ചിട്ടുണ്ട്.

അവിടുത്തെ ദീനാനുകമ്പയാണ് മറ്റൊന്ന്. ഭിക്ഷയെടുക്കാൻ പോയ വീട്ടിലെ ദുരവസ്ഥകണ്ട കാരുണ്യവാനായി 'കനകധാരാസ്തോത്രം' ചൊല്ലിയ സംഭവവും രോഗിണിയായ അമ്മയോടുള്ള കാരുണ്യം പ്രകടിപ്പിച്ച് നദിയെ ഗതിമാറ്റി ഒഴുക്കിയതും ശിഷ്യനായ മണ്ഡനമിത്രൻ നല്കിയ സ്വത്ത് അപ്പോൾത്തന്നെ പാവങ്ങൾക്കായി പകുത്തു നല്കുകയും ചെയ്ത കാര്യവുമൊക്കെ സൂചിപ്പിക്കുന്നത് അവിടുന്നുള്ളിൽ സൂക്ഷിച്ച ദീനാനുകമ്പയുടെ വ്യാപ്തിയാണ്. പണം ദരിദ്രർക്ക് കൊടുക്കാനാണ് സമ്പാദിക്കേണ്ടതെന്നു ഗൃഹസ്ഥനെ പഠിപ്പിക്കുന്ന ശങ്കരോപദേശവും ഇവിടെ സ്മരണീയമാണ് (ദേയം ദീനജനായ ച വിത്തം - ഭജഗോവിന്ദം).

**മായാസിദ്ധാന്തമെന്നാൽ**

ശങ്കരാചാര്യസ്വാമികളുടെ മായാവാദം കല്പനയല്ല. മായ ഇല്ലാത്തതല്ല, മായാസിദ്ധാന്തമെന്നാൽ, മായയെ അദ്ദേഹം നിർവ്വചിക്കുന്നത് ഇപ്രകാരമാണ്,

'സന്നാപ്യസന്നാപ്യുഭയാത്മികാ നോ
ഭിന്നാപ്യഭിന്നാപ്യുഭയാത്മികാ നോ
സംഗാപ്യസംഗാപ്യുഭയാത്മികാ നോ
മഹാത്ഭുതാഽ നിർവചനീയരൂപാ'

മായ സത്തെന്നും അസത്തെന്നും ഉള്ള രണ്ടുകൊണ്ടും അനിർവചനീയമാണ്. അത് അനുഭവനിഷ്ഠമാണെങ്കിലും പാരമാർത്ഥികസത്തയുള്ളതല്ല. വാസ്തവത്തിൽ സച്ചിദാനന്ദമായത് ജഗത്തായി ദൃഷ്ടാവിനു തോന്നിക്കുന്നതേതുകൊണ്ടോ അതാണു മായ, അതില്ലാത്തതല്ല 'സദസദ്ഭ്യാം അനിർവ്വചനീയം' എന്നാണ്. ഉണ്ടെങ്കിലും ഇല്ലാത്തതും, ഇല്ലാത്തതെങ്കിലും ഉള്ളതുമാണ്. ഈ കാണുന്ന ജഗത്ത് അവിദ്യ നിമിത്തം ബ്രഹ്മത്തിൽ അദ്ധ്യസ്ഥമാണ്. കയറിൽ പാമ്പും, മുത്തുച്ചിപ്പിയിൽ വെള്ളിയും നോക്കുന്നയാളിന്റെ അവിദ്യനിമിത്തം അദ്ധ്യസ്ഥമായിരിക്കുന്നതുപോലെ. ഈ അവിദ്യയെത്തന്നെ മായയെന്നും സാധാരണഭാഷയിൽ പറയുന്നു. അതൊരു പ്രത്യേക സദ്വസ്തുവല്ല. ബ്രഹ്മത്തിന്റേയും ജഗത്തിന്റേയും സത്യത്വം ജാഗ്ര ല്ലോകത്തിന്റേയും സ്വപ്നലോകത്തിന്റേയും സത്യത്വം പോലെയാണെന്നു പറയാം. ജഗത്ത് മായയാണെന്നോ മിഥ്യയാണെന്നോ പറയുന്നതിന് അതിന്റെ സത്യം ബ്രഹ്മത്തിന്റേതിൽനിന്നു താണതരത്തിലുള്ളതാണെന്നേ അർത്ഥമുള്ളൂ. മണ്ണുകൊണ്ടുണ്ടാക്കിയിരിക്കുന്ന കുറെ കുടങ്ങൾ, അതിൽ കുടത്തിലെ മണ്ണു മാത്രമാണ് സത്യം. മൺപാത്രങ്ങളിൽ മണ്ണൊഴിച്ച് ബാക്കിയുള്ളവ മായാകാര്യങ്ങളാകുന്ന അവയുടെ നാമരൂപങ്ങൾ മാത്രമാണ്. അതുപോലെ ഈ ജഗത്തും നാമരൂപാത്മകമായ മായാകാര്യങ്ങൾ മാത്രമെന്നു പറയാം.

**തെറ്റിദ്ധാരണകൾ**

ശങ്കരാചാര്യർ 'പ്രച്ഛന്ന ബുദ്ധ'നാണെന്ന ആക്ഷേപം ചിലർ ആരോപിക്കുന്നുണ്ട്. എന്നാൽ ബൗദ്ധന്മാർ വേദപ്രാമാണ്യം അംഗീകരിക്കാത്തവരാണ്. ശങ്കരാചാര്യരാവട്ടെ വൈദികപക്ഷപാതിയും. ബുദ്ധമതം ശ്രുതിപ്രാമാണ്യത്തെ അംഗീകരിക്കുന്നില്ല, കർമ്മകാണ്ഡത്തെ ആദരിക്കുന്നുമില്ല. ശ്രുതിയിൽ പറയുന്ന കാമ്യനിഷിദ്ധകർമ്മങ്ങളെ മുമുക്ഷു എടുക്കരുതെന്നേയുള്ളൂ എന്നാണ് ശങ്കരന്റെ പക്ഷം. അതിനും പുറമേ അവിടുന്ന് ഈശ്വരപ്രേമിയാണ്. ഈശ്വരനിലും ഗുരുവിലും ഒരുപോലെ ഭക്തിയുള്ളവനുമാത്രമേ  ജ്ഞാനലാഭം ഉണ്ടാകുകയുള്ളൂവെന്നദ്ദേഹം ഭാഷ്യത്തിലുദ്ധരിക്കുന്നുണ്ട്. യുക്തിവാദികളുടെ രാജാവായി വിശേഷിപ്പിക്കപ്പെടുന്ന അദ്ദേഹം പ്രാർത്ഥനയ്ക്കും വിശ്വാസത്തിനുമൊക്കെ പ്രമുഖസ്ഥാനം നല്കി. സകലകർമ്മങ്ങളും ഈശ്വരാർപ്പണബുദ്ധിയോടുകൂടി ചെയ്യാനാണ് ആചാര്യന്റെ ഉപദേശം. അദ്വൈതസിദ്ധാന്തത്തിൽ പറയുന്ന 'മായാവാദം' ബുദ്ധമതത്തിൽനിന്നും കടംകൊണ്ടതാണെന്ന കാര്യവും ശരിയല്ല. ശ്വേതാശ്വതരോപനിഷത്തിൽ പ്രകൃതിയെ മായയായി പറയുന്ന കാര്യം(മായാം തു പ്രകൃതിം വിദ്ധ്യാത് മായിനം തു മഹേശ്വരം) തന്നെ ഉദാഹരണം. മറ്റൊന്നാണ് ശങ്കരാചാര്യർ കർമ്മവിരോധിയാണെന്നു പറയുന്നത്. മനസ്സു ശുദ്ധമാക്കാൻ ആചാര്യൻ ഉപദേശിക്കുന്നത് 'നിഷ്കാമകർമ്മ'ത്തെയാണ്, മനസ്സു ശുദ്ധമായവനേ ജ്ഞാനമുണ്ടാകൂ. എന്നാൽ അവിടുന്ന് കർമ്മമുപദേശിക്കുന്നത് സത്വശുദ്ധിക്കുവേണ്ടിയാണ്.  ഉപാസനപോലും കർമ്മത്തിന്റെ അംശമാണ്.  അദ്ദേഹം ജ്ഞാനിക്ക് കർമ്മം ചെയ്യേണ്ടതില്ലെന്നുതന്നെ പറയുന്നു. യോഗാരൂഢന് കർമ്മത്തിന്റെ ആവശ്യമില്ല. (ആരുരുക്ഷോർ മുനേർ യോഗം- ഗീത...).  എന്തുകൊണ്ടെന്നാൽ ജ്ഞാനി ആപ്തകാമനാണ്. കാമങ്ങളെയെല്ലാം സാധിച്ച് ഇനിയൊന്നും സാധിക്കാനില്ലാത്തവൻ പിന്നെ എന്തിനായി കർമ്മം ചെയ്യണം?  ഭഗവാൻ ശ്രീരാമകൃഷ്ണൻ പറയാറുണ്ട്, 'പൂർണ്ണഗർഭിണിയായാൽ കർമ്മമുണ്ടായിരിക്കയില്ലെന്ന്, മുഴുക്കുടിയന് പ്രവൃത്തിയെടുക്കാൻ കഴിയുകയില്ലെന്നും'. അതുകൊണ്ട് ജ്ഞാനിയുടെ കർമ്മം വിലയിരുത്തേണ്ടത് മറ്റൊരു രീതിയിലാണ് (ശ്രീകൃഷ്ണന്റെ കർമ്മം പോലെ). ജ്ഞാനിയുടെ പ്രവൃ

ത്തിരൂപമായി കാണുന്ന വ്യാപാരത്തെ കർമ്മമെന്നു പറഞ്ഞുകൂടാ. ഒരു നിമിഷം പോലും വിശ്രമിക്കാതെ ജീവിതം മുഴുവൻകൊണ്ടും ചെയ്തുതീർത്ത ആചാര്യസ്വാമികളുടെ ദൗത്യപൂർത്തീകരണത്തിൽ നിന്നും മനസ്സിലാക്കേണ്ടത് ശങ്കരൻ കർമ്മവിരോധിയാണെന്നാണോ? മുപ്പതു വയസ്സിനുള്ളിൽ ഇത്രയും കർമ്മം ചെയ്ത മറ്റാരുണ്ട്? എന്ന ചോദ്യവും പ്രധാനപ്പെട്ടതാണ്. അവിടുന്ന് കർമ്മത്തേയോ, ഭക്തിയേയോ, യോഗത്തേയോ ഒന്നും നിഷേധിക്കുന്നില്ല, ജ്ഞാനമാണ് പരമോത്കൃഷ്ടമെന്നു പറയുന്നുവെന്നു മാത്രം. അലസരാകാൻ പ്രേരിപ്പിക്കുന്നതിനു പകരം ഓരോ ജീവനോടും ആത്മാനുഭൂതിയ്ക്കുവേണ്ടി പ്രയത്നിക്കാൻ അവിടുന്ന് ആവശ്യപ്പെടുന്നു. മാത്രവുമല്ല ലോകത്തിലുള്ള സകലജീവന്മാരേയും ആത്മാനുഭൂതിയിലെത്തിക്കുന്നതിനുവേണ്ടി പ്രവർത്തിക്കാൻ ഓരോ ആത്മനിഷ്ഠനേയും ആചാര്യസ്വാമികൾ തന്റെ ജീവിതത്തിലൂടെ പ്രേരിപ്പിക്കുന്നുവെന്നതും ഓർക്കേണ്ടതാണ്.

'മനീഷാപഞ്ചകം' എന്ന കൃതി ആചാര്യസ്വാമികളെ ജാതിയുമായി കൂട്ടിവായിക്കുന്നതു ശരിയല്ലെന്നു കാണിക്കുന്നു. ജാതിവ്യത്യാസം നിരർത്ഥകമാണെന്നാണ് അവിടുന്നു നമ്മെ പഠിപ്പിച്ചത്. വ്യാവഹാരിക പ്രപഞ്ചത്തിൽ 'ചാതുർവർണ്ണ്യവ്യവസ്ഥ' അദ്ദേഹം അംഗീകരിച്ചെങ്കിലും ജാതിയില്ലെന്നാണ് അവിടുന്ന് പഠിപ്പിച്ചത്. 'ന മൃത്യുർ ന ശങ്കാ ന മേ ജാതിഭേദ,' എനിക്ക് മരണമില്ല, ശങ്കയില്ല, ജാതിഭേദവുമില്ല എന്നാണ് അവിടുന്നെഴുതിയ കൃതികൾ നമ്മോട് ഉദ്ബോധിപ്പിക്കുന്നത്. ബുദ്ധിമാൻ കർമ്മങ്ങൾക്കു കാരണമായ ജാതി മുതലായവയെ വെടിഞ്ഞിട്ട് ശാസ്ത്രമനുസരിച്ച് കർമ്മകാരണങ്ങളോടു പൊരുത്തമില്ലാത്തതായ ആത്മസ്വരൂപത്തെസ്മരിക്കണം എന്ന് ഉപദേശസാഹസ്രിയിൽ പറയുന്നു. മുക്തി വേണ്ടവൻ ജാതിനീതി കുലഗോത്രദൂരകമായ ആത്മാവാണ് താനെന്ന് മനനം ചെയ്യണമെന്നാണ് അവിടുന്ന് ഉപദേശിച്ചിട്ടുള്ളത്. ജാത്യാദികളെ ത്യജിക്കണം എന്ന് ഉപദേശസാഹസ്രിയിലും പറയുന്നു. സൂത്രഭാഷ്യത്തിൽ 'അപശൂദ്രാധികരണഭാഷ്യം' എഴുതിയ ആചാര്യസ്വാമികൾ തന്നെയാണ് 'വിധുരാധികരണ'ത്തിനും ഭാഷ്യമെഴുതിയിട്ടുള്ളതെന്നുകൂടി ഓർമ്മിച്ചാൽ ആചാര്യസ്വാമികൾ ആരോപിച്ചിട്ടുള്ള ജാതിപക്ഷപാതിത്വം അർത്ഥശൂന്യമാണെന്നു ബോധ്യമാകും.

**ശങ്കരാചാര്യരുടെ ദൗത്യം**

സാക്ഷാത്കാരാനന്തരം മഹാത്മാക്കൾ തിരിച്ചുവന്ന് പ്രവർത്തിക്കുന്നത് വാസനകൊണ്ടാണെന്നു കരുതുക വയ്യ. ലോകത്തിലെ ഓരോ മനസ്സും സർവ്വവ്യാപകമായ മനസ്സിന്റെ ഭാഗമാണ്. ഭക്തന്മാരുടെ ഹൃദയത്തിൽനിന്നും പുറപ്പെടുന്ന നിരന്തരപ്രാർത്ഥനയും വ്യാകുലതയും സർവ്വവ്യാപകമായ (Cosmic mind) മഹത്തിനെ സ്പർശിക്കുന്നതിന്റെ ഫലമായിട്ട് ബ്രഹ്മസാക്ഷാത്ക്കാരം ലഭിക്കുന്ന അനവധി ജീവന്മാരിൽ ഒരുവൻ താഴേക്കുവരുന്നുവെന്ന കാര്യത്തെയാണ് അവതാരദൗത്യമായി മനസ്സിലാക്കേണ്ടത്.ശങ്കരാചാര്യരുടെ കാലത്ത് ഇന്ത്യ മുഴുവനായി കുമതങ്ങൾ നിറയുകയും പ്രചരിക്കുകയും ചെയ്തിരുന്നു. ദുഷിച്ചുപോയ ബുദ്ധമതത്തിന്റെ അനുയായികൾ, പരസ്പരം പോരടിക്കുന്ന ശാക്തവൈഷ്ണവ മതങ്ങൾ, അനവധി അന്ധവിശ്വാസങ്ങളേയും ദുരാചാരങ്ങളേയും സൃഷ്ടിക്കുന്ന കാപാലിക പാശുപതമതങ്ങൾ, ഈശ്വരനില്ലെന്നു പഠിപ്പിക്കുന്ന സാംഖ്യമതം, പുരോഹിതന്മാരുടെ കുതന്ത്രങ്ങൾ സമൂഹത്തിൽ നടപ്പാക്കിയിരുന്ന മീമാംസകമതം ഇവയെല്ലാം യഥാർത്ഥധർമ്മത്തെ ഇല്ലാതാക്കിയ ഒരു കാലത്താണ് ശ്രീശങ്കരാചാര്യർ തന്റെ ദൗത്യം പൂർത്തീകരിക്കാനായി വന്നത്. അദ്ദേഹം പരസ്പരം കലഹിക്കുന്ന യുക്തിശൂന്യങ്ങളും അനാചാരജടിലങ്ങളും ആയ ശാക്തകാപാലികാദി മതങ്ങളിൽ നിന്നും ആത്മാവിലും ഈശ്വരനിലും വിശ്വസിക്കാത്ത അധഃപതിച്ച ബുദ്ധമതത്തിൽനിന്നും സനാതനധർമ്മത്തെ രക്ഷിച്ചു. അവിടുത്തെ ജനനം ഏകദേശം എ.ഡി. 800- ലാണെന്ന് കരുതപ്പെടുന്നു. ഗുരുവിൽനിന്നും സന്ന്യാസം സ്വീകരിച്ചയുടനെ തന്നെ നിർവ്വികല്പസമാധിയിലെത്തിയ ശിഷ്യന് ഗുരു നല്കിയ ദൗത്യം ധർമ്മം പ്രചരിപ്പിച്ച് ഭാരതഭൂമിയെ മുഴുവനായി അധർമ്മത്തിൽനിന്നും വീണ്ടെടുത്ത് ധർമ്മമാർഗ്ഗത്തിൽ പ്രതിഷ്ഠ നടത്താനാണ്. അങ്ങനെയെഴുതിയതാണ് 16-ാം വയസ്സിനുള്ളിൽ പൂർത്തിയായ ഭാഷ്യങ്ങളും കൃതികളും. അങ്ങനെ അവിടുന്ന് ഹിന്ദുമതത്തിലെ മൂലഗ്രന്ഥങ്ങളിൽനിന്ന് നിഷ്കൃഷ്ടവും നിശ്ചിതവുമായ അർത്ഥം ഗ്രഹിക്കാൻ കഴിവുണ്ടാകുന്നതിന് പര്യാപ്തമായ രീതിയിലുള്ള ഗംഭീരമായ ഒരു ഭാഷ്യം പ്രസ്ഥാനത്രയത്തിനു നല്കി. വിവേകാനന്ദസ്വാമി പറഞ്ഞിട്ടുള്ളത് സമൂഹത്തെ നേർവഴിക്കു നയിക്കാൻ ആദ്യം ആദ്ധ്യാത്മിക പരിഷ്കരണമാണ് വേണ്ടത് എന്നാണ്. അതുകൂടാതെ ഒരു പരിഷ്കാരവും സാധ്യമല്ലതന്നെ.

ശങ്കരാചാര്യർ അധാർമ്മികങ്ങളും ദുർബലങ്ങളുമായ സർവ്വ ആശയങ്ങളേയും ഹിന്ദുധർമ്മപരിധിയിൽ നിന്നും നിർമ്മാർജ്ജനം ചെയ്തു. എന്നിട്ട് പരിശുദ്ധ ഹിന്ദുമതത്തെ അവിടുന്ന് ഇവിടെ സ്ഥാപിച്ചു. അവിടുന്ന് അവതരിച്ചില്ലായിരുന്നുവെങ്കിൽ ഭാരതം അന്ധവിശ്വാസത്തിന്റേയും നിരീശ്വരവാദത്തിന്റേയും അനാത്മവാദത്തിന്റേയും നിർമ്മതത്വത്തിന്റേയും കേളീരംഗമാകുമായിരുന്നു. ശങ്കരാചാര്യർ അവതരിപ്പിക്കുന്ന വേദാന്തമതത്തിന്റെ പ്രയോജനം 'ഇപ്പോൾ ഇവിടെവെച്ചുതന്നെ അനുഭവിക്കാവുന്ന'താകയാൽ ഒരു നിരീശ്വരവാദിക്കുപോലും അതു നിഷേധിക്കാവുന്നതല്ല. ഇശ്വരാർപ്പണബുദ്ധ്യാ വേദോക്തകർമ്മം ചെയ്ത് ചിത്തശുദ്ധി സമ്പാദിച്ച് നിത്യമായ ആത്മാവിന്റെ യഥാർത്ഥസ്വരൂപം അറിഞ്ഞ് നിത്യാത്മപ്രതിഷ്ടിതനാകുകയാണ് മനുഷ്യന്റെ കർത്തവ്യമെന്ന് മാനവരാശിയെ പഠിപ്പിക്കുന്നു ശങ്കരാചാര്യസ്വാമികൾ. ചുരുക്കത്തിൽ

അവിടുത്തെ മുഖ്യസന്ദേശം മനസ്സിനെ രാഗദ്വേഷങ്ങളറ്റതാക്കുന്നു എന്നതത്രെ. അപ്രകാരം മനസ്സിനെ ശുദ്ധമാക്കി അതിനെ ഉള്ളിലേക്കു തിരിച്ചാൽ ഞാൻ എന്ന വ്യവഹരിക്കപ്പെടുന്ന വസ്തുവിന്റെ സ്വരൂപം അറിയാൻ കഴിയും. എപ്പോൾ അതിനെ അറിയുന്നുവോ അപ്പോൾ അത് ദേശകാലപരിമിതമല്ലാത്ത സർവ്വവ്യാപകവും അദ്വതീയവുമായതാണെന്ന് അറിയാൻ കഴിയും, ഇതാണ് ശങ്കരമതം. ആത്മാവുണ്ടെന്നുള്ളതിന് തെളിവ് അതിനെ കാണാൻ കഴിയുമെന്നുള്ളതത്രെ. ഇപ്രകാരമുള്ള സന്ദേശമേകിയ ഈ അദ്വൈതാചാര്യന്റെ പരമ്പരയിൽപ്പെട്ടവരാണ് ഇന്ത്യയിലെ മിക്കവാറും എല്ലാ മുഖ്യസന്ന്യാസിസമ്പ്രദായങ്ങളും. ആ സന്ന്യാസപരമ്പരയാണ് ഭഗവാൻ ശ്രീരാമകൃഷ്ണനും ഗുരുസ്ഥാനത്തുനിൽക്കാൻ പര്യാപ്തമായ ഒരു തോതാപുരിയെ സൃഷ്ടിച്ചെടുത്തതെന്നോർക്കുക.

ശങ്കരാചാര്യർ ലോകത്തിനു നല്കിയ കൃതികളും ആശയങ്ങളുമാണ് നമ്മെ ഏറ്റവും കൂടുതൽ അത്ഭുതപ്പെടുത്തുന്നത്. അതിനെ 'ആധുനികലോകത്തിലെ ആശ്ചര്യങ്ങൾ' (Wonders of the modern world) എന്നാണ് സ്വാമി വിവേകാനന്ദൻ വിശേഷിപ്പിക്കുന്നത്. ശിവാനന്ദലഹരി, സൗന്ദര്യലഹരി മുതലായ ഭക്തിഗ്രന്ഥങ്ങളിലും വേദാന്തപ്രകരണഗ്രന്ഥങ്ങളിലും കാണുന്ന കാവ്യമാധുരി മറ്റൊരു കൃതികളിലും നമുക്കു കാണാൻ കഴിയില്ല. കുയുക്തിവാദികളെ ശ്വാസം മുട്ടിക്കുന്ന കർക്കശവേദാന്തവാദം മുഴക്കുന്ന ശങ്കരാചാര്യസ്വാമികൾ ലോകം കണ്ട ഒന്നാന്തരം കവിയായിരുന്നു എന്നുകൂടി മനസ്സിലാക്കുക. സാംസ്കാരിക ഇന്ത്യയെ നാലു മഠങ്ങൾ സ്ഥാപിച്ച് ഒന്നിപ്പിച്ചുവെച്ചത് അദ്ദേഹത്തിന്റെ മറ്റൊരു പ്രധാന സംഭാവനയാണ്. തത്വജ്ഞാനി, പണ്ഡിതൻ, ആസ്തികൻ, യോഗി, കവി, ഭക്തൻ, പ്രായോഗിക പരിഷ്ക്കർത്താവ്, സംഘാടകൻ തുടങ്ങിയ നിലകളിലെല്ലാം തിളങ്ങിയ അവിടുത്തെ പ്രതിഭയെ ആധുനികർ മനസ്സിലാക്കാനിരിക്കുന്നതേയുള്ളൂ.

***